"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഓർത്തോപീഡിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.റൂഗസ്.എസ്.എം. ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2288/2023 - 21.12.2023-ലെ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.899/2024/H&FWD തീയതി,തിരുവനന്തപുരം, 26-03-2024

---

പരാമർശം:-

1. OA-2288/2023-മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.12.2023-ലെ ഉത്തരവ്.
2. ഡോ.റൂഗസ്.എസ്.എം., ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) സമർപ്പിച്ച 12.01.2024 തീയതിയായ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06.02.2024-ലെ DHS/562/2024-EB3 നമ്പർ കത്ത്.

**ഉത്തരവ്**

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ പരിശോധന നടത്തിയ വിഷയത്തിൽ സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓർത്തോപീഡിക് സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.റൂഗസ് എം. ജോസിനെതിരെ 1960-ലെ കെ.സി.എസ്. (സി.സി&എ.) ചട്ട പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇ.എ1/4507/2023/ആവഡ തീയതി 19.12.2023 നടപടിക്രമ പ്രകാരം അപേക്ഷകനെ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും, പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ടിയാൻ ബഹു: ട്രിബ്യൂണൽ മുമ്പാകെ, OA 2288/2023 ഫയൽ ചെയ്യുകയുണ്ടായി. 60% ബുദ്ധിമാന്ദ്യമുള്ള സഹോദരന്റെയും, ആരോഗ്യ പ്രശ്നങ്ങളുള്ള 9 വയസ്സുകാരിയായ മകളുടെയും സംരക്ഷണത്തിനായി ടിയാനെ പാറശ്ശാല തുടരാൻ അനുവദിക്കുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന് OA യിൽ അപേക്ഷിച്ചിരുന്നു.

2) സഹോദരന്റെയും മകളുടെയും ആരോഗ്യ വിഷയങ്ങൾ കാണിച്ച് മെഡിക്കൽ ഓഫീസർ ഒന്നാം എതിർകക്ഷിയായ സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ആയത് Annexure A2, A3 അച്ചടക്ക നടപടിയുടെയും സ്ഥലംമാറ്റ ഉത്തരവിന്റെയും Annexure A7, A8 മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കുവാനും, ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:ട്രിബ്യൂണൽ പരാമർശം (1) ഉത്തരവ് പ്രകാരം ഒന്നാം എതിർകക്ഷിയായ

സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3) ബഹു:ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം ഡോ.റ്റഗസ് എം. ജോസ് പരാമർശം (2) പ്രകാരം ഒന്നാം എതിർകക്ഷിയായ സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിട്ട് ഒന്നര വർഷം മാത്രമേ ആയിട്ടുള്ളൂ എന്നും, കൊല്ലം ജില്ലയിൽ 3 വർഷ സേവനം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 2022 പൊതുസ്ഥലംമാറ്റത്തിൽ ടിയാന് പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം ലഭിച്ചതെന്നും, 17.06.2022-നാണ് പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചതെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിരിക്കുന്നു. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ പരിശോധന നടത്തിയിട്ടില്ലെന്നും, വാണിജ്യ അടിസ്ഥാനത്തിലുള്ള സ്ഥാപനത്തിലല്ല സ്വകാര്യ പ്രാക്ടീസ് നടത്തിയിരുന്നതെന്നും. ടിയാൾ താമസിച്ചു വരുന്ന കെട്ടിടത്തിലായിരുന്നുവെന്നും, സുഖമില്ലാത്ത സഹോദരന്റെയും, മകളുടെയും ചികിത്സയ്ക്കായി ആശുപത്രിയിൽ കൊണ്ടു പോകുന്നതിനും കൂടിയിട്ടാണ് ആശുപത്രിക്ക് അടുത്തുള്ള കെട്ടിടം വാടകയ്ക്കെടുത്ത് താമസിച്ചതെന്നും, വീട് 20 കി.മീ. അകലെയാണെന്നും മെഡിക്കൽ ഓഫീസർ അപേക്ഷയിൽ പറഞ്ഞിരിക്കുന്നു. ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ ജോലി നോക്കി വരുന്ന ഡോ.രമേശ് ബാബു വിരമിക്കുന്നതുമായി ബന്ധപ്പെട്ട് ടി സ്ഥാപനത്തിൽ ഓർത്തോപീഡിക് സർജറി വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ ഒഴിവ് നിലവിൽ വരുന്നതാണെന്നും, പ്രസ്തുത സ്ഥാപനത്തിൽ ഒഴിവ് നിലവിൽ വരുന്നതുവരെ ടിയാളുടെ വാസസ്ഥലത്തിനടുത്ത് ഏതെങ്കിലും സ്ഥാപനത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം അനുവദിക്കണമെന്നും അപേക്ഷിച്ചു.

4) പൊതു താല്പര്യത്തിനു വിധേയമായി ഒരു ജീവനക്കാരനെ സ്ഥലം മാറ്റേണ്ടത് ആവശ്യമാണെന്ന് ബോധ്യമുള്ള പക്ഷം നിയമനാധികാരിക്ക് ജീവനക്കാരനെ സ്ഥലം മാറ്റാവുന്നതാണെന്നും സ.ഉ. (പി) നം.3/2017/ഉഭപവ തീയതി 25.02.2017 പുറപ്പെടുവിച്ചിട്ടുള്ള സ്ഥലംമാറ്റ മാനദണ്ഡം നിർദ്ദേശം (3)ൽ ഇത് പരാമർശിക്കുന്നുണ്ടെന്നും, അപേക്ഷകനെതിരയുള്ള അച്ചടക്ക നടപടി സംബന്ധിച്ച് നടപടിക്രമങ്ങൾ ചട്ടപ്രകാരം സ്വീകരിച്ചു വരുന്നുവെന്നും. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും, ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള പെരുമാറ്റചട്ടം നിലനിൽക്കുന്നതിനാൽ സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം നിലവിൽ നടത്തപ്പെടാൻ പാടില്ലാത്തതുകൊണ്ടും, കൂടാതെ 2024 പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ആരംഭിച്ചിട്ടുള്ളതിനാലും, അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപേക്ഷ നിരസിച്ചുകൊണ്ടും, 2024

പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷകൻ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയത് മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) OA 2288/2023-ന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.12.2023-ലെ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/എറണാകുളം.
ഡോ.റൂഗസ് എം.ജോസ്., റ്റി.സി. 61/2227, ഡയാന, ചിറയ്ക്കോട്, കോട്ടപ്പുറം.പി.ഒ., വിഴിഞ്ഞം, തിരുവനന്തപുരം - 695 521.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
ANUPAMA G NAIR
സെക്ഷൻ ഓഫീസർ
Date: 26-03-2024 10:31:07

മേലെഴുത്ത് നം: DHS/562/2024 -EB3

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു

3/4/24

3/4/24

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി